<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2202</u> <u>14-10-2024 - ൽ മറുപടിയ്ക്ക്</u>

<u>ഭക്ഷ്യസുരക്ഷ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് എത്ര പരിശോധനകളാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ **(2021** ഏപ്രിൽ മുതൽ **2024** സെപ്റ്റംബർ വരെ**)** സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധകളുടെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു. |

| ജില്ല | നടത്തിയ പരിശോധനകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | **26791** |
| കൊല്ലം | **18610** |
| പത്തനംതിട്ട | **8202** |
| ആലപ്പുഴ | **15274** |
| കോട്ടയം | **17205** |
| ഇടുക്കി | **6441** |
| എറണാകുളം | **25262** |
| തൃശ്ശൂർ | **13333** |
| പാലക്കാട് | **16766** |
| മലപ്പുറം | **19298** |
| കോഴിക്കോട് | **22743** |
| വയനാട് | **6174** |
| കണ്ണൂർ | **15268** |
| കാസർഗോഡ് | **5080** |

സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷാ സൂചികയിൽ കേരളത്തിന് ദേശീയതലത്തിൽ 2022-23 ലും തുടർന്ന് 2023-24 ലും ഒന്നാം സ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ പരിശോധന, NABL അംഗീകാരമുള്ള ലാബുകളുടെ എണ്ണം, ലാബുകളിലെ പരിശോധന മികവ്, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങി 40 ഓളം

| | | | |
|---|---|---|---|
| | | | മേഖലകളിലെ പ്രവർത്തന മികവാണ് ദേശീയ സൂചികയിൽ കേരളത്തെ ഒന്നാം സ്ഥാനത്തെത്തിച്ചത്. |
| (ബി) | പ്രസ്തുത പരിശോധനകളുമായി ബന്ധപ്പെട്ട് എത്ര തുക പിഴയിനത്തിൽ ഈടാക്കിയെന്നും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ **(2021 ഏപ്രിൽ മുതൽ 2024 സെപ്റ്റംബർ വരെ)** സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധകളുടെ ഭാഗമായി **88937411/-** രൂപ **(എട്ട് കോടി എൺപത്തി ഒൻപത് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി നാന്നൂറ്റി പതിനൊന്ന് രൂപ മാത്രം)** പിഴയായി ഈടാക്കിയിട്ടുണ്ട്. ഈ കാലയളവിൽ ഗുണമേന്മയില്ലാത്തതോ ലേബൽ വിവരങ്ങൾ ഇല്ലാത്തതോ ആയ ഭക്ഷ്യ വസ്തുക്കൾ ഉല്പാദനം നടത്തുകയോ വിതരണം ചെയ്യുകയോ വിൽപ്പന നടത്തുകയോ ചെയ്ത സ്ഥാപനങ്ങൾക്ക്/ വ്യക്തികൾക്ക് എതിരെ **2522** അഡ്ജ്യൂഡിക്കേഷൻ കേസുകളും, ഭക്ഷ്യ യോഗ്യമല്ലാത്ത ഭക്ഷ്യ വസ്തുക്കൾ ഉല്പാദനം നടത്തുകയോ വിതരണം ചെയ്യുകയോ വിൽപ്പന നടത്തുകയോ ചെയ്ത സ്ഥാപനങ്ങൾക്ക്/വ്യക്തികൾക്ക് എതിരെ **1922** പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) | ശുചിത്വമില്ലാത്ത ഹോട്ടലുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും അവയുടെ പേര് വിവരങ്ങൾ പരസ്യപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ശുചിത്വമില്ലാത്ത ഹോട്ടലുകൾക്കെതിരെ ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളാണ് ഭക്ഷ്യ സുരക്ഷാ വകുപ്പ് സ്വീകരിച്ച് വരുന്നത്. ഭക്ഷ്യ സ്ഥാപനങ്ങളിലെ പരിശോധന, നോട്ടീസ് നൽകൽ, പിഴ ചുമത്തൽ, സർവ്വയിലൻസ്/ സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളുടെ ശേഖരണം, അവയുടെ കൃത്യമായ പരിശോധനയിലൂടെ ഗുണമേന്മയില്ലാത്ത ഭക്ഷണം വിതരണം ചെയ്യുന്നവർക്കതിരെ അഡ്ജ്യൂഡിക്കേഷൻ, പ്രോസിക്യൂഷൻ നടപടികൾ എന്നിവ സ്വീകരിച്ച് വരുന്നു. പരിശോധനകളിൽ ശുചിത്വമില്ലാത്തതായി കണ്ടെത്തുന്ന ഹോട്ടലുകളുടെ പേര് വിവരങ്ങൾ പരസ്യപ്പെടുത്തരുതെന്ന നിർദ്ദേശം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ